**ക്ഷുദ്രഞ്ചരം സുമനസാം ശരണേ മിഥിത്വാ**
**രക്തം ഷഡംഘ്രിഗണസാമസു ലുബ്ധകർണ്ണം**
**അഗ്രേ വൃകാനസുതൃപോഽവിഗണയ്യ യാന്തം**
**പൃഷ്ഠേ മൃഗം മൃഗയ ലുബ്ധകബാണഭിന്നം (4-29-53)**

നാരദമുനി തുടർന്നു: രാജാവേ, ഞാൻ അങ്ങയുടെ ചോദ്യങ്ങൾക്കെല്ലാം ഉത്തരം നൽകി കഴിഞ്ഞു. മനോഹരമായ ഒരുദ്യാനത്തിൽ പുല്ലുമേയുന്ന ഒരു മാൻകിടാവിനെപ്പറ്റി ഒന്നു ഭാവന ചെയ്യൂ. കൂട്ടാളികളുമായി ഇടയ്ക്കെല്ലാം കളിച്ചുല്ലസിച്ച്, തേനീച്ചക്കൂട്ടങ്ങളുടെ പാട്ടു കേട്ടതുകഴിയുന്നു, എന്നാൽ തൊട്ടുമുന്നിൽ കൊതിയോടെ നോക്കി നിൽക്കുന്ന ചെന്നായും, പിറകിൽ ക്രൂരനായ നായാട്ടുകാരനും ഉണ്ട്. രാജാവേ, ആ മാൻകിടാവ് താങ്കൾ തന്നെ. ലൗകീക ജീവിതത്തിന്റെ എണ്ണമൊടുങ്ങാത്ത ദുരിതങ്ങളും, മരണമെന്ന നായാട്ടുകാരന്റെ ഭീഷണിയും ഉപേക്ഷിച്ചാലും. ഭഗവദ്പദപങ്കജങ്ങളിൽ അഭയം തേടിയാലും.

പ്രാചീനബർഹി പറഞ്ഞു. “മഹാമുനേ, അങ്ങയുടെ വിജ്ഞാനവെളിച്ചത്തിൽ എന്റെ മനസ്സിലെ തമസ്സ് അപ്രത്യക്ഷമായിരിക്കുന്നു. മഹാമുനികൾക്കു പോലും പിടികിട്ടാത്ത, ഇന്ദ്രിയാതീതമായ ആ പരമസത്യം അങ്ങെനിക്കു പറഞ്ഞു തന്നു. ജീവൻ ചെയ്യുന്ന സൽക്കർമ്മങ്ങളും ദുഷ്ക്കർമ്മങ്ങളുമനുസരിച്ച് വരും ജന്മങ്ങളിൽ ഫലമനുഭവിക്കുന്നു എന്നു ഞാൻ കേട്ടിട്ടുണ്ട്. പക്ഷെ അത്തരം കർമ്മങ്ങൾ അവസാനിക്കുകയും വീണ്ടുമൊരിക്കലും അതുണ്ടാകാതാവുകയും ചെയ്യുമല്ലോ.”

നാരദൻ പറഞ്ഞു: “ജീവിതം, മരണമെന്ന സംഭവത്തിനുശേഷവും തുടർന്നു കൊണ്ടേയിരിക്കും. കഴിഞ്ഞ ജന്മങ്ങളിലെ കർമ്മങ്ങളുടെ ഫലമനുസരിച്ച്, ഈ ജന്മത്തിൽ പഴയതുപോലെ അല്ലെങ്കിൽ മറ്റൊരു രൂപത്തിലുള്ള ശരീരം സ്വീകരിക്കുന്നു. കർമ്മങ്ങളും തൽഫലമായുള്ള പുനർജന്മവും, ‘ഞാൻ’, ‘എന്റേത്’ എന്ന ഭാവങ്ങൾ കൊണ്ടുണ്ടാവുന്നതാണ്. പഞ്ചേന്ദ്രിയങ്ങളേയും അവയുടെ മായീകപ്രഭാവത്തിലുള്ള സങ്കലനത്തേയും പഠിക്കുന്ന ഒരാൾക്ക് മനസ്സിന്റെ അസ്ഥിത്വത്തെപ്പറ്റി അറിയാനാകുന്നു. അതുപോലെ മനസ്സിന്റെ ഭാവങ്ങളും വാസനയും പഠിക്കുമ്പോൾ പഴയജന്മങ്ങളുടെ കാര്യം ഒരുവനു മനസ്സിലാകുന്നു. മറ്റു ചിലപ്പോൾ നാമൊരിക്കലും ഈ ജന്മത്തിൽ കണ്ടിട്ടില്ലാത്ത കാര്യങ്ങളെപ്പറ്റി നാം ചിന്തിക്കുന്നു. ഒരിക്കലും കണ്ടിട്ടോ കേട്ടിട്ടോ ഇല്ലാത്ത കാര്യങ്ങളെ ഉണ്ടാക്കിയെടുക്കാൻ മനസ്സിനു കഴിവില്ല. കഴിഞ്ഞ ജന്മങ്ങളിലെ അനുഭവങ്ങളുടെ വെളിച്ചത്തിലാണ് ഇത്തരം ചിന്തകളുണ്ടാവുന്നത്. മനസ്സിനു സ്വന്തമായി സൃഷ്ടിക്കാൻ കഴിവില്ലെങ്കിലും, അനുഭവങ്ങളെ പലേ രിതികളിൽ കൂട്ടിയും കുറച്ചും സങ്കൽപ്പിക്കുവാൻ അതിനു കഴിയും.

സൂക്ഷ്മശരീരം നിലനൽക്കുന്നിടത്തോളം കാലം ‘ഞാൻ’, ‘എന്റേത്’ എന്ന ഭാവങ്ങൾ പോവുകയില്ല. സൂക്ഷ്മശരീരത്തിനെ പതിനാറുതരത്തിൽ തിരിക്കാം. പഞ്ചപ്രാണന്മാർ, പത്തിന്ദ്രിയങ്ങൾ, പിന്നെ മനസ്സും. ഇവയിൽ ബോധസ്ഫുരണമുണ്ടാവുമ്പോൾ സൂക്ഷ്മശരീരത്തിന് ജീവൻ എന്ന് പറയുന്നു. ഈ സൂക്ഷ്മ ശരീരമാണ് ജനനമരണങ്ങളും, സുഖദു:ഖങ്ങളും ഉണ്ടാക്കുന്നത്. മനസ്സൊന്നു മാത്രമാണ് എല്ലാ ജനനമരണങ്ങൾക്കും കാരണം. അനുഭവിച്ച സുഖങ്ങളിൽ വീണ്ടും മുഴുകാനുള്ള മനസ്സിന്റെ ത്വരയാണ് പുനർജന്മമെടുത്ത് ബന്ധനത്തിലാണ്ടു പോവാനിടയാക്കുന്നത്. അജ്ഞാനത്തിലാണ്ട കർമ്മങ്ങളും, ആത്മീയജ്ഞാനമില്ലായ്മയും നിലനിൽക്കുന്നിടത്തോളം ജനനമരണങ്ങളും കാര്യകാരണചക്രങ്ങളുമായ ബന്ധനവും തുടർന്നുകൊണ്ടേയിരിക്കും. ഈ അജ്ഞാനനിവൃത്തിക്കായി ഭഗവാനെ ശരണം പ്രാപിച്ചാലും. ഈ വിശ്വം മുഴുവൻ അവിടുന്നാണെന്നു വിശ്വസിച്ച് ആ നിന്തുരുവടിയെ പൂജിച്ചാലും.” ഇങ്ങിനെ പ്രാചീനബർഹിയെ ഉപദേശിച്ച് നാരദമുനി മടങ്ങി. മക്കളെ രാജ്യഭാരമേൽപ്പിച്ച് രാജാവ് വനവാസത്തിനു പോയി. അവിടെവച്ച് ആത്മസാക്ഷാത്ക്കാരം നേടി. ഈ കഥ വായിക്കുകയോ കേൾക്കുകയോ ചെയ്യുന്നയാൾക്ക് സൂക്ഷ്മശരീരത്തിന്റെ ബന്ധനത്തിൽനിന്ന് മോചനംലഭിക്കുന്നതാണ്.